"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കുത്തന്നൂർ കെ.ജെ.ബി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. പ്രസന്ന കെ. തസ്തികയില്ലാതെ പുറത്ത് നിന്ന കാലം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4720/2022/GEDN തീയതി,തിരുവനന്തപുരം, 11-08-2022

---

പരാമർശം:-
1. പാലക്കാട് കുത്തന്നൂർ കെ.ജെ.ബി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. പ്രസന്ന കെ. യുടെ 31.01.2019-ലെ അപേക്ഷ.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02.11.2020-ലെ ഡിജിഇ/8035/2020-ജി1നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് കുത്തന്നൂർ കെ.ജെ.ബി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. പ്രസന്ന കെ. തസ്തികയില്ലാതെ പുറത്ത് നിന്ന 29.01.2016 മുതൽ 15.07.2017 വരെ കാലയളവ് ക്രമീകരിയ്ക്കുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തസ്തിക നഷ്ടത്തെ തുടർന്ന് പുറത്തുനിന്ന കാലയളവ് സേവന തുടർച്ചയ്ക്ക് വേണ്ടിയോ സേവനാനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയോ ഡ്യൂട്ടിയായോ അവധിയായോ ക്രമീകരിക്കുന്നതിന് കേരള സർവീസ് ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്തതിനാലും, ഏതൊരു ഉദ്യോഗസ്ഥനും ഒഫീഷ്യറ്റ് ചെയ്യുന്നതിന് ഒരു തസ്തിക അനിവാര്യമാണ് എന്നതിനാലും, പാലക്കാട് കുത്തന്നൂർ കെ.ജെ.ബി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. പ്രസന്ന കെ. തസ്തിക ഇല്ലാതെ പുറത്തു നിന്ന 29.01.2016 മുതൽ 15.07.2017 വരെ കാലയളവ് സർവീസ് ബ്രേക്ക് ഒഴിവാക്കുന്നതിനായി മാത്രം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്-

പൊതുവിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുഴൽമന്ദം, പാലക്കാട് ജില്ല.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ /ആഡിറ്റ്) കേരള, രുവനന്തപുരം.
ശ്രീമതി. പ്രസന്ന കെ., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
കെ.ജെ.ബി. സ്കൂൾ, കുത്തന്നൂർ, പാലക്കാട്,

സ.ഉ.(സാധാ) നം.4720/2022/GEDN

പ്രഥമാദ്ധ്യാപകൻ, കെ.ജെ.ബി. സ്കൂൾ, കുത്തന്നൂർ, പാലക്കാട്,

ധനകാര്യ വകുപ്പ് (25.06.2022 ലെ 2100680/EDN-A1/122/2022-FIN പ്രകാരം )

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**

**Date: 11-08-2022 16:53:26**

സെക്ഷൻ ഓഫീസർ